ശ്രീ. കെ. നാരായണക്കുറുപ്പ്: സാധാരണ സ്വീകരിക്കുന്നത് കെമിക്കൽ എക്സാമിനേഷൻ നടപടിയാണ്. അല്ലാതെ കണ്ടുപിടിക്കാൻ കഴിയുമെങ്കിൽ അതിനെപ്പറ്റിയും അന്വേഷിക്കാം.

ശ്രീ. പി. ശങ്കർ: ആംഫെറ്റാമിൻ ലഹരി കുറയ്ക്കാൻ മായം ചേർത്താൽ അത് കുറ്റകരമാണോ?

*ശ്രീ. കെ. നാരായണക്കുറുപ്പ്: സാധാരണ ഉള്ളതിൽ മുകളിലോട്ടോ താഴോട്ടോ ലഹരിയിൽ വ്യത്യാസം വരുത്തിയാൽ അതും മായം ചേർക്കലാണ്.

ജലഗതാഗത വകുപ്പ് കാര്യക്ഷമമാക്കാൻ നിർദ്ദേശങ്ങൾ

*718 [780] ശ്രീ. ടി. കെ. രാമകൃഷ്ണൻ:

,, പി. ആർ. ശിവൻ:

,, കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പ് കാര്യക്ഷമമായും ലാഭകരമായും കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്രദമായും പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ചില നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് എൻ.ജി.ഒ. യൂണിയൻ ഗവൺമെൻറിലേക്ക് നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായോ;

(ബി) എങ്കിൽ ഏതേതെല്ലാം തീയതികളിൽ;

(സി) അവർ സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ നിർദ്ദേശങ്ങളെപ്പറ്റി യൂണിയനുമായി വല്ല ചർച്ചയും നടത്തിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) കാര്യക്ഷമമായ സർവ്വീസ് നടത്തിപ്പിനു കൂടുതൽ സ്റ്റാഫിനെ നിയമിക്കണം, കൂടുതൽ സർവ്വീസുകൾ നടത്തണം, സ്റ്റാഫിന് കൂടുതൽ ആനുകൂല്യങ്ങൾ നൽകണം. കൂടുതൽ പ്രയോജനപ്രദമായും ലാഭകരമായും സർവ്വീസുകൾ പ്രവർത്തിപ്പിക്കണം എന്നിങ്ങനെയുള്ള നിർദ്ദേശങ്ങളടങ്ങിയ നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) 7.11.1978-ൽ ഡയറക്ടർക്കും 23.2.79-ൽ ഗവൺമെൻറിനും നിവേദനം ലഭിച്ചിട്ടുണ്ട്.

(സി) ജലമാർഗ്ഗമായുള്ള ഗതാഗതം പ്രത്യേകിച്ച് ചരക്കു ഗതാഗതം കൂടുതൽ കാര്യക്ഷമമാക്കാനും ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരുടെ പ്രമോഷൻ ഉൾപ്പെടെയുള്ള സേവനസംബന്ധമായ കാര്യങ്ങൾ വർദ്ധിപ്പിക്കാനും ഡീസൽ വർക്കുഷോപ്പിൻറെ വിഭാഗം പുനഃസംഘടിപ്പിക്കാനും ഓവർടൈം അലവൻസ് നൽകാനും ബാറ്റാ വർദ്ധിപ്പിക്കാനും കൂടുതൽ യൂണിഫോം നൽകാനും മറ്റുമുള്ള നിർദ്ദേശങ്ങളാണ് നിവേദനത്തിലുള്ളത്.

(ഡി) എൻ.ജി.ഒ. യൂണിയൻ അമ്പലപ്പുഴ ബ്രാഞ്ചു കമ്മിറ്റിയുമായി നാട്ടർ ട്രാൻസ്പോർട്ട് ഡയറക്ടർ 19.12.78-ൽ ചർച്ചചെയ്തിട്ടുണ്ട്. ചർച്ചയുടെ അടിസ്ഥാനത്തിലുള്ള ഡയറക്ടറുടെ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ഇ) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ നിർദ്ദേശങ്ങളിൽ ഏതെങ്കിലും ഗവൺമെന്റ് നടപ്പാക്കിയിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഓരോന്നായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ചെലവുകൂടുതലായതുകൊണ്ട് ചിലതിനൊക്കെ കൂടുതൽ കാലതാമസം വരുന്നു എന്നേയുള്ളു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇത് നല്ലരീതിയിൽ നടത്തുക എന്നുള്ളത് ജീവനക്കാരുടെ മാത്രമല്ല ഈ സ്ഥാപനത്തിന്റെ കൂടെ താൽപ്പര്യമാണ്. ആ അടിസ്ഥാനത്തിൽ അടിയന്തിരമായി തീരുമാനമെടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നല്ലരീതിയിൽ നടത്തണമെന്നുള്ളത് പൊതുജനങ്ങളുടേയും ആവശ്യമാണ്. എല്ലാം പെട്ടെന്ന് നടപ്പാക്കുന്നതിന് വമ്പിച്ച ബാദ്ധ്യത വരുന്നതുകൊണ്ട് ഓരോന്നായി, ക്രമമായി നടത്തിവരുന്നു എന്നേയുള്ളൂ.

ശ്രീ. പി. ആർ. ശിവൻ: കുട്ടനാടൻ പ്രദേശങ്ങളിൽ ജലഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പുളിംകുന്ന് കേന്ദ്രമാക്കി ഒരു ബോട്ട് സ്റ്റേഷൻ ആരംഭിക്കുകയും അഞ്ചു ബോട്ടുകൾ കൊടുക്കുകയും ചെയ്തെങ്കിലും വേണ്ടത്ര ജീവനക്കാരില്ലാത്തതുകൊണ്ട് അത് നിറുത്തിവച്ചിട്ടുള്ള വിവരം അറിയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പുളിംകുന്ന് കേന്ദ്രമാക്കിയിട്ടുള്ള സർവ്വീസ് നിറുത്തിവച്ചിട്ടില്ല. ഏതാനും ബോട്ടുകളുടെ സർവ്വീസ് നിറുത്തിവച്ചിട്ടുണ്ട്. അഞ്ചു സെറ്റ് സ്റ്റാഫ് ആവശ്യമുള്ളിടത്ത് രണ്ടുസെറ്റ് സ്റ്റാഫേ കൊടുത്തിട്ടുള്ളൂ. ബാക്കിയുള്ള കാര്യങ്ങളിൽ നടപടിയെടുത്തുകൊണ്ടിരിക്കുകയാണ്. വേഗം അനുവാദം കിട്ടുമെന്നാണ് പ്രതീക്ഷ.

ശ്രീ. പി. ആർ. ശിവൻ: നിർദ്ദിഷ്ട യോഗ്യതയുള്ളവരെ പി.എസ്.സി.യിൽ നിന്നും വരുത്തി ഈ സർവ്വീസുകൾ വളരെ പെട്ടെന്നു നടത്താൻ നടപടിയെടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പി. എസ്. സി. യിൽ നിന്നും ആളുകളെ കിട്ടാൻ താമസിക്കുമ്പോൾ പലപ്പോഴും വെളിയിൽനിന്ന് ആളുകളെ എടുത്താണ് സർവ്വീസ് നടത്തുന്നത്.

ശ്രീ. എം. കെ. കേശവൻ: യൂണിയൻ മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങളിൽ ശമ്പളവർദ്ധനവ് എത്രയാണെന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: സാമ്പത്തികബാധ്യത എത്രവരുമെന്നു പറയാൻ ബുദ്ധിമുട്ടുണ്ട്. എല്ലാംകൂടി നല്ല ഒരു തുക വരുന്നതുകൊണ്ട് ഓരോന്നായി നടപ്പാക്കിക്കൊണ്ടുവരികയാണ്.

ശ്രീ. കെ. ജെ. ചാക്കോ: വാട്ടർ ട്രാൻസ്പോർട്ട് നടത്താനാവശ്യമായ ബോട്ടുകൾ കുട്ടനാടൻപ്രദേശങ്ങളിൽ ഇല്ലാതിരിക്കുമ്പോൾ കെ.എസ്. ആർ.ടി.സി. യുടെ ആഭിമുഖ്യത്തിൽ നടത്തുന്ന എറണാകുളത്തുനിന്നും ചില റൂട്ടുകൾ ഏറ്റെടുക്കാൻപോകുന്നു എന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കെ.എസ്.ആർ.ടി.സി. യുടെ ഫെറി ബോട്ട് സർവ്വീസ് ഏറ്റെടുക്കാൻ ഉദ്ദേശമൊന്നുമില്ല. വളരെ അത്യാവശ്യമായി വന്നപ്പോൾ അവിടെനിന്നും തൽക്കാലത്തേക്ക് ഒരു ബോട്ട് എടുത്തു എന്നുമാത്രമേ ഉള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചടയൻ ഗോവിന്ദൻ: ഉന്നയിക്കപ്പെട്ടിട്ടുള്ള ആവശ്യങ്ങൾ ഓരോന്നായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു അവ ഏതെല്ലാമാണ്?

ശ്രീ. കെ. നാരായണക്കുറുപ്പ്: കൂടുതൽ ജെട്ടികൾ വേണമെന്നതും കൂടുതൽ ഉദ്യോഗസ്ഥൻമാർ വേണമെന്നതും ഭാഗികമായി നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എ. വി. താമരാക്ഷൻ: ബാഹ്യലോകവുമായി ബന്ധപ്പെടുന്നതിന് കുട്ടനാടൻജനതയ്ക്കുള്ള ഏകസൗകര്യം ബോട്ടാണ് എന്നുള്ളതു പരിഗണിച്ച് ബോട്ട് നഷ്ടമാണെങ്കിൽപ്പോലും കൂടുതൽ ഏർപ്പെടുത്തി അവരെ രക്ഷിക്കുന്നതിനു നടപടിയെടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ക്രമപ്രവൃദ്ധമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നു എന്നുവേണം പറയാൻ. കഴിഞ്ഞവർഷം ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ ബോട്ടുകളും സൗകര്യങ്ങളും ഈ വർഷം ഏർപ്പെടുത്തിക്കൊടുത്തിട്ടുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി നഷ്ടത്തിനു നടന്നുപോകുന്ന ഒരു ഡിപ്പാർട്ടുമെൻറാണിത്. ഏഴും എട്ടും പത്തും ലക്ഷം രൂപ നഷ്ടമാണ്. ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനെപ്പറ്റി മുൻപുള്ള അഡ്വൈസറി കമ്മിറ്റി ശുപാർശ ചെയ്തിരുന്നെങ്കിലും നിലവിലുള്ള അഡ്വൈസറി കമ്മിറ്റി അതിനെ എതിർത്തിരിക്കുകയാണ്. 1973-ൽ നിശ്ചയിച്ച ചാർജാണ് ഇന്നും ഈടാക്കുന്നത്. ഈ നിലയിൽ മുന്നോട്ടു പോയാൽ നഷ്ടത്തിലേ കലാശിക്കുകയുള്ളു. കൂടുതൽ ബോട്ടു വാങ്ങിക്കാനും ബുദ്ധിമുട്ടാകും.

ശ്രീ. പി. ബി. ആർ. പിള്ള: വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ്, ഡിപ്പാർട്ടുമെൻറാക്കിയശേഷം ലാഭത്തിലാണോ നഷ്ടത്തിലാണോ? നഷ്ടത്തിലാണെങ്കിൽ ഇപ്പോഴെന്താണു നഷ്ടമെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കോർപ്പറേഷൻ മാറി ഡിപ്പാർട്ടുമെൻറായപ്പോഴും നഷ്ടം കുറഞ്ഞു എന്നുള്ളതല്ല. കോർപ്പറേഷനു നഷ്ടത്തിൽ കൊണ്ടുപോകാൻ ബുദ്ധിമുട്ടായതുകൊണ്ട് ഒരു ബാധ്യത എന്ന നിലയിൽ ഗവൺമെൻറ് ഏറെടുത്തു നടത്തുകയാണ്. നഷ്ടം, 1976.77-ൽ 18.4 ലക്ഷം, 1977.78-ൽ 12 ലക്ഷം, 1978.79 ലെ നഷ്ടം അസസ് ചെയ്തിട്ടില്ല.

ശ്രീ. സേവ്യർ അറയ്ക്കൽ: എറണാകുളത്തുനിന്നും ഒരുബോട്ട് ആലപ്പുഴയ്ക്കു കൊണ്ടുവന്നു എന്നു പറഞ്ഞു. ഇന്നും എറണാകുളത്ത് ആഫീസുകാരുടെ തിരക്കുമൂലം പല അപകടങ്ങളും ഉണ്ടാകുന്നുണ്ട്. ഉദാഹരണമായി വൈപ്പിൻ, ഫോർട്ടുകൊച്ചി എന്നീ സ്ഥലങ്ങളിൽ പോകുന്നതിനു വളരെ തിരക്കാണ്. ഈ ജനബാഹുല്യം കണക്കിലെടുത്ത് കൂടുതൽ ബോട്ടുകൾ കൊടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അവിടെ മൂന്നു സർവ്വീസുകൾ ഉണ്ട്. ഫെറി സർവ്വീസ്, ഇൻലാൻഡ് വാട്ടർ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറ് സർവ്വീസ്, ഇൻലാൻഡ് കാർഗോ സർവ്വീസ്. ഇപ്പോൾ തൽക്കാലം വാട്ടർ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറ് സർവ്വീസ് നടത്തുന്നുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ഇതെല്ലാം ഓടിക്കാനുള്ള ബുദ്ധിമുട്ട് ചാർജ് വർദ്ധിപ്പിക്കാൻ പാടില്ല എന്നുള്ള ജനങ്ങളുടെ നിർബന്ധംമൂലമാണുണ്ടാകുന്നത്. അതു പല പ്രാവശ്യം പറഞ്ഞിട്ടും ജനങ്ങൾക്കു മനസ്സിലാകുന്നില്ല.

ശ്രീ. പി. കരുണാകരൻ: വാട്ടർ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറ് എത്ര സ്ഥലങ്ങളിലാണ് സർവ്വീസ് നടത്തുന്നത്? പൂർണ്ണമായി നടത്താൻ എത്രവേണ്ടിവരും?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇപ്പോൾ വാട്ടർ ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിന് 71 ബോട്ടുണ്ട്. 69 (അറുപത്തൊൻപത്) എണ്ണം സർവ്വീസു നടത്തുന്നു. ഒരെണ്ണം പൈലറ്റ് ബോട്ടാണ്. ഒന്ന് വർക്ക് ഷോപ്പ് ബോട്ടും. അൻപത്തൊന്നെണ്ണം (51) ശരിയായി ഓപ്പറേറു ചെയ്യുന്നുണ്ട്. ഒൻപത് (9) ബോട്ടുകൾ മേജർ റിപ്പെയറിനു വിധേയമായിട്ടുണ്ട്. രൂട്ട് ഏതൊക്കെയാണെന്നുള്ളത് പിന്നീടു വിശദമായി പറയാം.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: തിരുവനന്തപുരം—ആലപ്പുഴ ജലഗതാഗതം വളരെ സൗകര്യപ്രദമാണ്, ലാഭകരമാണ് എന്നുകാണിച്ച് ഗവൺമെൻറിന് ഏതെങ്കിലും റിപ്പോർട്ടു കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ആലപ്പുഴ—തിരുവനന്തപുരം ജലഗതാഗതം ആദായകരമാണെന്നുള്ള നിവേദനമൊന്നും ലഭിച്ചിട്ടില്ല. വളരെ വേഗത്തിൽ ഓടുന്ന ബസുകളുള്ളതുകൊണ്ട് വെള്ളത്തിൽക്കൂടി ഇഴഞ്ഞിഴഞ്ഞുപോകുന്നതിനു ജനങ്ങൾ സമ്മതിക്കുമോ എന്നറിഞ്ഞുകൂടാ.

ശ്രീ. കെ. ജെ. ചാക്കോ: ചെങ്ങന്നൂരിൽ നിന്നും ഓടുന്ന ബോട്ടിന് പ്രതിവർഷം രണ്ടരലക്ഷംരൂപ നഷ്ടമാണെന്നുള്ളതറിയാമോ? ഈ നഷ്ടം നികത്താൻവേണ്ടി തൽക്കാലത്തേക്ക് ആ റൂട്ടു നിറുത്തൽ ചെയ്യാൻ നടപടിയെടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നഷ്ടമുള്ളതു നിറുത്തൽചെയ്യുക എന്നത് ജനങ്ങളോടുചെയ്യുന്ന തെറ്റായിരിക്കും. പലതും നഷ്ടമാണ്. അങ്ങനെയുള്ള സ്ഥലത്തെല്ലാം നിറുത്തൽചെയ്താൽ ആളുകൾ വെള്ളത്തിൽച്ചാടി കുഴപ്പങ്ങൾ സൃഷ്ടിച്ചാലോ? അതുകൊണ്ട് നിറുത്തൽ ചെയ്യാൻ സാദ്ധ്യമല്ല.

എക്സൈസ് ഡിപ്പാർട്ടുമെൻറ് വാടകയിനത്തിൽ വരുന്ന ചെലവ്

* 719 [781] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ:
,, കെ. പി. നൂറുദ്ദീൻ:
,, കെ. പി. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ഡിപ്പാർട്ടുമെൻറിന് വാടകയിനത്തിൽ ആണ്ടിൽ ഉദ്ദേശം എത്ര രൂപാ ചെലവു വരുന്നു;

(ബി) സ്വന്തമായി കെട്ടിടം നിർമ്മിച്ച് ആഫീസുകൾ അവിടേയ്ക്കു മാറുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികൾ വല്ലതും ഗവൺമെൻറിലേക്ക് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ പദ്ധതി അംഗീകരിച്ചുവോ;

LIBRARY ARCHIVES Kerala Legislative Assembly